بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ ①

# ജുമുഅഃ ഖുത്ബ സംഗ്രഹം 07.10.2022

**സയ്യിദുനാ ഹദ്റത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ്** (അയ്യദഹുല്ലാഹ്)

***അമേരിക്കയിലെ മസ്ജിദ് ബൈത്തുൽ ഇക്റാമിൽ നിർവഹിച്ചത്.***

## മസ്ജിദ് നിർമിക്കുന്നതിന്റെ യഥാർഥ ലക്ഷ്യം കൈവരിക്കുക.

اَشْھَدُ اَنْ لَّا اِلٰہَ اِلَّا اللّٰہُ وَحْدَہٗ لَا شَرِیْکَ لَہٗ وَاَشْھَدُ اَنَّ مُحَمَّدًا عَبْدُہٗ وَرَسُوْلُہٗ
اَمَّا بَعْدُ فَاَعُوْذُ بِاللّٰہِ مِنَ الشَّیْطٰنِ الرَّجِیْمِ ○ بِسْمِ اللّٰہِ الرَّحْمٰنِ الرَّحِیْمِ ○
اَلْحَمْدُ لِلّٰہِ رَبِّ الْعٰلَمِیْنَ ○ اَلرَّحْمٰنِ الرَّحِیْمِ ○ مٰلِکِ یَوْمِ الدِّیْنِ ○ اِیَّاکَ
نَعْبُدُ وَاِیَّاکَ نَسْتَعِیْنُ ○ اِھْدِنَا الصِّرَاطَ الْمُسْتَقِیْمَ ○ صِرَاطَ الَّذِیْنَ اَنْعَمْتَ
عَلَیْھِمْ غَیْرِ الْمَغْضُوْبِ عَلَیْھِمْ وَلَا الضَّآلِّیْنَ ○

സൂറഃ അഅ്റാഫിലെ 31 മുതൽ 33 വരെയുള്ള ആയത്തുകളുടെ തർജമ ഇപ്രകാരമാകുന്നു: പറയുക, എന്റെ നാഥൻ നീതി(പൂർവം പ്രവർത്തിക്കുന്നതിന്) കല്പിച്ചിരിക്കുന്നു. ഓരോ ആരാധനാ സ്ഥലത്തും നിങ്ങളുടെ ശ്രദ്ധ (അല്ലാഹുവിന്റെ) നേരെ നിറുത്തുക. കീഴ്വണക്കം അവനുമാത്രം കല്പിച്ചുകൊണ്ട് അവനെ വിളിച്ചു പ്രാർഥിക്കുകയും ചെയ്യുക. അവൻ നിങ്ങളെ ആദ്യമായി സൃഷ്ടിച്ചതുപോലെ അവനിലേക്ക് നിങ്ങൾ മടങ്ങുന്നതാണ്. ഒരു വിഭാഗത്തെ അവൻ നേർ വഴിയിലൂടെ നയിച്ചു. എന്നാൽ, മറ്റൊരു വിഭാഗമാകട്ടെ, ദുർമാർഗം അവർക്ക് അർഹമായിരിക്കുന്നു. തീർച്ചയായും അവർ അല്ലാഹുവിനെവിട്ട് പിശാചുക്കളെ സുഹൃത്തുക്കളാക്കിയിരിക്കയാണ്; (എന്നിട്ട്) തങ്ങളാണ് സൻമാർഗത്തിൽ ചരിക്കുന്നവരെന്ന് അവർ ധരിക്കുകയും ചെയ്യുന്നു. ആദം സന്തതികളേ, ഓരോ ആരാധനാ സ്ഥലത്തും നിങ്ങളുടെ അലങ്കാരം സ്വീകരിച്ചുകൊള്ളുക. നിങ്ങൾ തിന്നുകയും കുടിക്കുകയും ചെയ്തുകൊള്ളുവിൻ; എന്നാൽ ഒന്നിലും അമിതത്വമരുത്. നിശ്ചയമായും അമിതത്വം പ്രവർത്തിക്കുന്നവരെ അവൻ ഇഷ്ടപ്പെടുകയില്ല.

ഇന്ന് അല്ലാഹു നിങ്ങൾക്ക് മസ്ജിദ് ഉദ്ഘാടനം ചെയ്യാനുള്ള തൗഫീഖ് നൽകികൊണ്ടിരിക്കുകയാണ്. കുറച്ച് കാലം മുമ്പ് തന്നെ ഇതിന്റെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്. എന്നാൽ ഇപ്പോൾ ഔപചാരികമായ ഉദ്ഘാടനം നടക്കുകയാണ്. അല്ലാഹു ഈ മസ്ജിദിന്റെ നിർമ്മാണത്തിൽ ഭാഗഭാക്കായ എല്ലാവർക്കും ഈ മസ്ജിദ്നോടുള്ള കടമകൾ നിറവേറ്റാനുള്ള തൗഫീഖ് നൽകുമാറാകട്ടെ. ഈ മസ്ജിദിന്റെ നിർമ്മാണം അല്ലാഹുവിന്റെ പ്രീതി കരസ്ഥമാക്കാൻവേണ്ടി മാത്രമാകാൻ അല്ലാഹു അനുഗ്രഹിക്കട്ടെ. അല്ലാഹുവിന്റെ കല്പനകൾ അനുസരിക്കുമ്പോൾ മാത്രമാണ് മനുഷ്യൻ അല്ലാഹുവിന്റെ പ്രീതി കരസ്ഥമാക്കുന്നവൻ ആകുക. അവന്റെ ആരാധനയുടെ കടമകൾ നിർവഹിക്കുന്നവൻ ആയിമാറണം. സൃഷ്ടികളോടുള്ള കടമകൾ നിർവഹിക്കുന്നവനായി മാറണം.

ഹദ്റത് മസീഹ് മൗഊദ്(അ)നെ വിശ്വസിച്ചുകൊണ്ട് അദ്ദേഹത്തിന്റെ ബൈഅത്തിൽ ചേർന്നതിനാൽ നമുക്കുമേൽ വലിയ ഉത്തരവാദിത്വങ്ങളുണ്ട് എന്ന് നാം എപ്പോഴും ഓർക്കേണ്ടതാണ്. ഈ മസ്ജിദിനെ ജനനിബിഡമാക്കേണ്ടതും പരസ്പരം സ്നേഹത്തോടെ കഴിയേണ്ടതും പരസ്പര സാഹോദര്യത്തിന്റെ സന്ദേശം ലോകത്ത് പരത്തേണ്ടതും നമ്മുടെ ഉത്തരവാദിത്വമാണ്. ഹദ്റത് മസീഹ് മൗഊദ്(അ) പറയുന്നു: എവിടെയെങ്കിലും ഇസ്ലാമിനെ പരിചയപ്പെടുത്താൻ ആഗ്രഹിക്കുന്നുവെങ്കിൽ അവിടെ മസ്ജിദ് ഉണ്ടാക്കുക. ഇപ്പോൾ ഇവിടെ മസ്ജിദ് നിർമിച്ചതുകൊണ്ട് പ്രത്യക്ഷത്തിൽ ഈ പ്രദേശത്ത് ഇസ്ലാമിനെ പരിചയപ്പെടുത്താൻ കഴിയുന്നതാണ്. തബ്ലീഗിന്റെ വഴികളും നിങ്ങൾക്ക് തുറന്നു തരുന്നതാണ്. ആയതിനാൽ ഓരോ അഹ്മദിയും ഇസ്ലാമിക അധ്യാപനത്തിന്റെ മാതൃകയാകേണ്ടതാണ്.

ഞാൻ പാരായണം ചെയ്ത ആയത്തുകളിൽ മസ്ജിദുകളുമായി ബന്ധപ്പെടുന്നവർക്കുമേലുള്ള ചില ഉത്തരവാദിത്വങ്ങളിലേക്ക് ശ്രദ്ധക്ഷണിക്കുന്നുണ്ട്. ഏറ്റവും ആദ്യം പറയുന്നു: നീതി നടപ്പിലാക്കുക. മസ്ജിദിൽ വരുന്നവരോട് ചെയ്യുന്ന ആദ്യത്തെ ഉപദേശം സൃഷ്ടികളുടെ അവകാശങ്ങൾ നിറവേറ്റുന്നതിന് സംവിധാനം ഉണ്ടാകുക എന്നതാണ്. അതിൽ ഏറ്റവും പ്രധാനപ്പെട്ട സംഗതി നീതി സ്ഥാപിക്കുക എന്നതാകുന്നു. വീട്ടിൽ ഭാര്യാമക്കളോട് നല്ല രീതിയിൽ പെരുമാറാത്തവരുടെ ജമാഅത്തി പ്രവർത്തനങ്ങളും ഇബാദത്തുകളും അല്ലാഹുവിന്റെപക്കൽ സ്വീകാര്യമായിരിക്കുകയില്ല.

ആയതിനാൽ താൻ ഒരുപാട് നമസ്കരിക്കുന്നവ നാണ്, ജമാഅത്തിന്റെ ജോലികളും നിർവഹി ക്കുന്നു എന്ന കാര്യത്തിൽ ആരും അഹങ്കരിക്കേണ്ട തില്ല. നബി തിരുമേനി(സ) പറയുന്നു: സൃഷ്ടികളോ ടുള്ള കടമകൾ നിർവഹിക്കാത്തവൻ അല്ലാഹുവി നോടുള്ള കടമകളും നിർവഹിക്കുന്നില്ല.

നിങ്ങൾ അല്ലാഹുവിന്റെ കൽപനകളെ പ്രാവർ ത്തികമാക്കുന്നില്ലെങ്കിൽ, മതത്തെ അല്ലാഹുവിന് വേണ്ടി സ്വച്ഛമാക്കിവെക്കുന്നില്ലെങ്കിൽ തങ്ങളുടെ അവസ്ഥകളെ ശരിയായ മാർഗങ്ങളിൽ ആക്കുന്ന തിന് നല്ലപോലെ ശ്രമിക്കുന്നില്ലെങ്കിൽ ശൈത്താൻ നിങ്ങൾക്കുമേൽ ആധിപത്യം നേടുന്നതാണ്. ഇന്നത്തെ ഈ ഭൗതീകമായ ചുറ്റുപാടിൽ പ്രത്യേക മായും ഇക്കാര്യത്തിലേക്ക് വളരേയേയേറെ ശ്രദ്ധി ക്കേണ്ടത് അനിവാര്യമാകുന്നു. ഇസ്‌ലാമിന്റെ ശോച്യാവസ്ഥ ആരംഭിച്ചത്, അവർ നീതിയെയും ഇബാദത്തുകളെയും പ്രകടനപരമാക്കിയപ്പോഴാണ്. മസ്ജിദുകളുടെ സൗന്ദര്യത്തിനാണ് പ്രാധാന്യം നൽകുന്നത് ആരാധനയുടെ ആത്മാവിനെ അവർ വിസ്മരിച്ചിരിക്കുന്നു.

ഹദ്റത് മസീഹ് മൗഊദ്(അ) പറയുന്നു: ആന്ത രികമായി ഇസ്‌ലാമിന്റെ അവസ്ഥ വളരെ ദുർബല പ്പെട്ടിരിക്കുന്നു. ഭൗതീകമായി ആക്രമിക്കുന്നവർ ഇസ്‌ലാമിനെ നശിപ്പിക്കാൻ ആഗ്രഹിക്കുന്നു. അവ രുടെ വീക്ഷണത്തിൽ മുസ്‌ലിംകൾ നായ്ക്കളെ ക്കാളും പന്നികളെക്കാളും നികൃഷ്ടമാകുന്നു. ഇനി അല്ലാഹുവിന്റെ ഗ്രന്ഥവും അവന്റെ സഹായവും പ്രകാശപൂരിതമായ അടയാളങ്ങളും കൂടാതെ ഇവരെ നേരിടാൻ സാധ്യമല്ല. ഈ ഉദ്ദേശത്തിന് വേണ്ടി തന്നെയാണ് അല്ലാഹു തന്റെ കരങ്ങളാൽ ഈ പ്രസ്ഥാനത്തെ സ്ഥാപിച്ചിരിക്കുന്നത്. അത് കൊണ്ട് പൂർണമായ ആത്മവിശ്വാസത്തോടെ അല്ലാഹുവിന്റെ അനുഗ്രഹങ്ങളെ അവന്റെ മുന്നിൽ കുനിഞ്ഞ് ചോദിച്ച്കൊണ്ട് നമ്മൾ ഈ ലോക ത്തിന് മാർഗദർശനം നൽകേണ്ടതാണ്.

നമ്മൾ തന്നെയാണ് ഇസ്‌ലാമിന്റെ നഷ്ടപെട്ട പ്രതാപത്തെ വീണ്ടും സ്ഥാപിക്കേണ്ടവർ. നമ്മൾ തന്നെ ഈ ലോകത്തിന് മാർഗദർശനം നൽകേണ്ട താണ് കാരണം നമ്മൾ ലോകത്തിന് ജീവൻ നൽകാൻവേണ്ടി അല്ലാഹു അയച്ച. തിരുനബി(സ) ന്റെ സന്ദേശത്തെ ലോകത്ത് പരത്തുന്നതിന്‌വേണ്ടി അവൻ നിയോഗിച്ച മസീഹ് മൗഊദിനെ, വിശ്വസി ക്കുന്നവരാകുന്നു ഇന്ന് ഈ അധ്യാപനങ്ങളെ പ്രാവർത്തികമാക്കുന്നതിലാണ് മോക്ഷമുള്ളത്.

(മരണശേഷമുള്ള ജീവിതത്തിലേക്ക്) അവ സാനം അവൻ വെറുംകൈയോടെയാണ് പോകു ന്നത് എങ്കിൽ അല്ലാഹുവിന്റെ നീരസത്തെ അഭിമു ഖീകരിക്കേണ്ടിവരും. പിന്നെ അവൻ എങ്ങനെ യാണ് പെരുമാറുക എന്ന് അവനു മാത്രമേ അറി യുകയുള്ളൂ. എന്നാൽ അതോടൊപ്പം തന്നെ ലോക ത്തിന് ഇത്രയും വിശദമായി പറഞ്ഞുകൊണ്ടിരിക്കു മ്പോൾ നമ്മുടെ വാക്കും പ്രവൃത്തിയും ആ അധ്യാ പനത്തിന് അനുസൃതമാക്കാൻ ശ്രമിക്കേണ്ടതാണ്. നമ്മുടെ ഇബാദത്തുകളുടെ നിലവാരം ഉന്നതമാ ക്കണം. സൃഷ്ടികളോടുള്ള കടമകളുടെ നിലവാ രവും ഉയർത്തണം.

ഹദ്റത് മസീഹ് മൗഊദ്(അ) പറയുന്നു: ഇന്ന് അറിയപ്പെടുന്ന ഇസ്‌ലാം വ്യത്യസ്തമാണ്. ഉന്നത മായ സ്വഭാവങ്ങളുടെ അവസ്ഥ തന്നെയില്ല. അല്ലാഹുവിനോടുള്ള കൂറും ആത്മാർഥതയും സ്നേഹവും ഇല്ലാതായിരിക്കുന്നു. അല്ലാഹു വീണ്ടും ഈ ശക്തികളെ ജീവസ്സുറ്റതാക്കാൻ ആഗ്ര ഹിക്കുന്നു. ഇസ്‌ലാമിന്റെ ഈ നഷ്ടപ്പെട്ടുപോയ അവസ്ഥയെ സംരക്ഷിക്കുന്നതിന് അല്ലാഹു അയച്ച വന്ദ്യാത്മാവുമായി ബന്ധമുള്ളവരാണ് നമ്മൾ. ഇന്ന് അല്ലാഹുവിനോടുള്ള കൂറിന്റെ നില വാരം നിലനിർത്തേണ്ടവരും ആത്മാർഥതയോടും കൂറോടുംകൂടി അല്ലാഹുവിന്റെ കല്പനകളെ പ്രവർത്തികമാക്കേണ്ടവരും നമ്മൾ തന്നെയാണ്.

എല്ലാ കാര്യങ്ങളും അല്ലാഹുവാണ് ചെയ്യുന്നത് എന്ന പൂർണ അർപ്പണബോധമുണ്ടാകേണ്ടതാണ്. ഇസ്‌ലാം തന്നെയാണ് ജേതാവാകേണ്ട മതം. അതിന്‌വേണ്ടി നാം നമ്മുടെ എല്ലാ കഴിവുകളും വിനിയോഗിക്കണം. ഹദ്റത് മസീഹ് മൗഊദ്(അ)ന്റെ സുൽത്താൻ നസീർ അഥവാ ശക്തരായ സഹായി കളായി മാറണം. ഹദ്റത് മസീഹ് മൗഊദ്(അ)നോട് അല്ലാഹു ചെയ്തിട്ടുള്ള വാഗ്ദാനങ്ങൾ ഇൻശാ അല്ലാഹ് പൂർത്തിയാകുക തന്നെ ചെയ്യും. നാം ഈ കാര്യത്തിൽ സഹായികളായിത്തീരുകയാണെങ്കിൽ അല്ലാഹുവിന്റെ അനുഗ്രഹങ്ങൾ കരസ്ഥമാക്കുന്ന വരായി മാറും. നമ്മൾ (ഇതിനായി) മുന്നോട്ട് ഗമി ക്കുന്നില്ലെങ്കിൽ അല്ലാഹു മറ്റാളുകളെ സഹായത്തി ന്നായി അയക്കുന്നതാണ്. ഏതായാലും ഈ കർമ്മ ങ്ങൾ പൂർത്തിയാക്കുക തന്നെ ചെയ്യും. ചുരുക്ക ത്തിൽ നാം നമ്മുടെ അവസ്ഥകൾ ശ്രദ്ധിക്കണം. കുറവുകളും ദൗർബല്യങ്ങളും അകറ്റാൻ ശ്രമി ക്കണം.

ഹദ്റത് മസീഹ് മൗഊദ്(അ) പറയുന്നു: ഈ കാലഘട്ടത്തിൽ പ്രകടനപരതയും മിഥ്യാഭിമാ നവും ഗർവ്വും അഹങ്കാരവും വർധിച്ച് വരുന്നു.

നല്ല സ്വഭാവങ്ങൾ ആകാശത്തേക്ക് കരകയറി പോയിരിക്കുന്നു. അല്ലാഹുവിനോടുള്ള അർപ്പണ ബോധവും ഉപായങ്ങളും ഇല്ലാതായിരിക്കുന്നു. അല്ലാഹു ഇതെല്ലാം വീണ്ടും ബീജാവാപം ചെയ്യാൻ ആഗ്രഹിക്കുന്നു. അല്ലാഹു തന്റെ അടിയാറുകളെ നഷ്ടത്തിലാക്കാൻ ആഗ്രഹിക്കുന്നില്ല. നൻമകൾ വളരണമെന്നും തിൻമകൾ ഇല്ലാതാകണമെന്നും അവൻ ആഗ്രഹിക്കുന്നു. നമ്മൾ ഓരോരുത്തരും ഹദ്റത് മസീഹ് മൗഊദ്[അ]ന്റെ ദൗത്യം പൂർത്തീകരിക്കാൻ നമ്മുടെ കർത്തവ്യങ്ങൾ ചെയ്യുന്നുണ്ടോ എന്നും തിന്മകൾ ഇല്ലാതാക്കാൻ പരിശ്രമിക്കുന്നുണ്ടോ എന്നും നന്മകളെ സ്വായത്തമാക്കാൻ എല്ലാ നിലക്കും ശ്രമിക്കുന്നുണ്ടോ എന്നും ഇബാദത്തുകളുടെ നിലവാരം ലഭിക്കുന്നതിന് നമ്മൾ പ്രയത്നിക്കുന്നുണ്ടോ എന്നും അല്ലാഹുവിന്റെ അനുഗ്രഹം നേടിയെടുക്കൻ പ്രയത്നിക്കുന്നുണ്ടോ എന്നും ആത്മപരിശോധന നടത്തേണ്ടതാണ്.

ഇബാദത്തുകൾ കേവലം നമ്മുടെ ആഗ്രഹങ്ങളുടെ സംതൃപ്തിക്കും പരിപൂർത്തിക്കുംവേണ്ടി മാത്രം ചെയ്യുന്നവയാണെങ്കിൽ നമ്മുടെ പരിശ്രമങ്ങളെല്ലാം വൃഥാവിലാകുന്നു. ആയതിനാൽ വളരെ ആഴത്തിൽ കണക്കെടുപ്പ് നടത്തേണ്ടതാണ്. പാപപ്പൊറുതിക്ക്വേണ്ടി ഒരുപാട് പ്രാർഥിക്കേണ്ടതാണ്. നമ്മുടെ കർമ്മങ്ങൾ നിരന്തരം അല്ലാഹുവിന്റെ തൃപ്തിക്ക്വേണ്ടി ചെയ്യണ്ടത് നിർബന്ധമാണ്.

ഹദ്റത് മസീഹ് മൗഊദ്[അ] പറയുന്നു: കർമ്മങ്ങൾക്ക് ആത്മാർഥത ഉണ്ടാകണം എന്ന നിബന്ധയും ഉണ്ട്. ഈ ആത്മാർഥത *അബ്ദാൽ* അഥവാ സുകൃതവാന്മാരിലാണ് ഉണ്ടാകുന്നത്. അഥവാ അല്ലാഹുവിന്റേതായിത്തീരുന്നവർക്ക് വേണ്ടി അല്ലാഹു അവരുടേതായി തീരും. ഈ തത്വരഹസ്യം മനസ്സിലാക്കേണ്ടത് അനിവാര്യമാകുന്നു. അല്ലാഹു ഏറെ ഔദാര്യവാനാകുന്നു. നമ്മുടെ ഒരുപാട് തെറ്റുകൾ ഉണ്ടായിട്ട്പോലും അവൻ നമ്മെ അനുഗ്രഹിച്ച് കൊണ്ടിരിക്കുന്നു. ആയതിനാൽ എങ്ങനെയാണ് അല്ലാഹുവിനോടുള്ള കടമകൾ പൂർത്തിയാക്കേണ്ടത് എന്നും നാം നോക്കണം. അല്ലാഹുവിനോടുള്ള ഏറ്റവും വലിയ കടമ അവന്റെ ഇബാദത്തുകൾ യഥാവിധി നിർവഹിക്കുക എന്നതാണ്.

നമ്മൾ പള്ളി ഉണ്ടാക്കിയെങ്കിൽ അതിന്റെ കടമകളും പൂർത്തിയാക്കണം. അതിൽ ആത്മാർഥതയോടു കൂടി ഇബാദത്ത് ചെയ്യാൻ വരേണ്ടതാണ്.

ചുരുക്കത്തിൽ ശാശ്വതമായ ശ്രദ്ധയോടു കൂടി തങ്ങളുടെ നമസ്കാരങ്ങൾ സംരക്ഷികേണ്ടതാണ്. ഇത് അല്ലാഹുവിനോട് സ്നേഹമുണ്ടാകുമ്പോഴാണ് സാധ്യമാകുക. മറ്റൊന്നിനോടുമില്ലാത്ത സ്നേഹമായിരിക്കണം. അപ്പോൾ അത്തരം സ്നേഹം ഒരു വിപ്ലവം ഉണ്ടാക്കുന്ന പരിണിതിയിൽ എത്തുന്നു. കുറച്ച് ദുആകൾ ചെയ്തതിന്ശേഷം ക്ഷീണിക്കുന്നവർ ചിന്തിക്കേണ്ട ഒരു കാര്യമാണിത്. കേവലം ആവശ്യങ്ങൾ വരുന്ന സമയത്ത് മാത്രം അല്ലാഹുവിന്റെ വാതിലിൽ യാചിക്കാൻ പോകരുത്. മറിച്ച് അല്ലാഹുവുമായി ഒരു വ്യക്തിഗത സ്നേഹമുണ്ടാക്കണം. അപ്പോൾ അല്ലാഹു ആ മനുഷ്യനെ സ്നേഹിക്കുന്നു. (അതിൽ ഏറ്റവും അനിവാര്യമായിട്ടുള്ളത് അല്ലാഹുവിന്റേയും അവന്റെ റസൂലിന്റേയും ആജ്ഞകൾ പൂർണമായും അനുസരിക്കുക എന്നതാകുന്നു.) അപ്പോൾ അല്ലാഹുവിന്റെ സ്നേഹം പ്രകടമാകുന്നതാണ്. അങ്ങനെ ഈ രണ്ടു സ്നേഹങ്ങളും കൂടിച്ചേരുമ്പോൾ മനുഷ്യ ചിന്തകൾക്കതീതമായ അല്ലാഹുവിന്റെ അനുഗ്രഹങ്ങൾ വർഷിക്കുന്നതാണ്.

തങ്ങളുടെ അടിസ്ഥാനപരവും പ്രകൃതിപരവുമായ ഉദ്ദേശത്തെ ഒഴിവാക്കി മൃഗങ്ങളെപോലെ ജീവിതലക്ഷ്യം തിന്നുകയും കുടിക്കുകയും ഉറങ്ങുകയുമാണെന്ന് മനസ്സിലാകുകയാണെങ്കിൽ അവർ അല്ലാഹുവിന്റെ അനുഗ്രഹങ്ങളിൽനിന്ന് വിദൂരതയിലാകുന്നതാണ്. ഇബാദത്തുകളെ തങ്ങളുടെ ലക്ഷ്യമാക്കി മാറ്റണം. മരണത്തിന്റെ കാര്യത്തിൽ ഒരുറപ്പും ഇല്ല. ഹദ്റത് മസീഹ് മൗഊദ്[അ] പറയുന്നു: നിങ്ങളെ സൃഷ്ടിച്ചതിന്റെ ഉദ്ദേശം നിങ്ങൾ അവനെ ആരാധിക്കുക എന്നതാണ്. ലൗകീകലോകം നിങ്ങളുടെ അടിസ്ഥാനപരമായ ലക്ഷ്യമാകരുത്. പൗരോഹിത്യം ഇസ്ലാമിന്റെ ലക്ഷ്യമല്ല. നിങ്ങൾ ചെയ്യുന്ന എല്ലാ വ്യാപാരങ്ങളിലും അല്ലാഹുവിന്റെ തൃപ്തിയെയാണ് ലക്ഷ്യമാക്കേണ്ടത്. ഇത് വളരെ ചിന്തനീയവും ശ്രദ്ധേയവുമായ ഘട്ടമാണ്. നമ്മൾ ഹദ്റത് മസീഹ് മൗഊദ്[അ]ന്റെ ബൈഅത്തിലുള്ളവരാണെന്ന് വാദിച്ച്കൊണ്ട് നമ്മുടെ ജീവിതലക്ഷ്യം മറക്കുകയാണെങ്കിൽ നമ്മുടെ ബൈഅത്ത് പ്രയോജനരഹിതമായിരിക്കും. നമ്മുടെ വാക്കുകൾ പൊള്ളയായിരിക്കും. ആയതിനാൽ ഓരോ അഹ്മദിയും നല്ലത്പോലെ ചിന്തിക്കുകയും കണക്കെടുപ്പ് നടത്തി നോക്കുകയും വേണം. എത്ര സമയം നാം അല്ലാഹുവിന്റെ ഇബാദത്തിന്വേണ്ടി നൽകുന്നുണ്ട്. തങ്ങളുടെ സൃഷ്ടിപ്പിന്റെ ഉദ്ദേശം മറന്നുപോകരുത്. മറക്കുകയാണെങ്കിൽ നമ്മുടെ ബൈഅത്ത് പ്രയോജനരഹിതമായിരിക്കും.

നിങ്ങളെ അല്ലാഹുവിന്റെ ഇബാദത്തുകളിൽ നിന്ന് തടയുന്ന കാര്യം അമിതത്വമാകുന്നു.

ഈ (ഭൗതീക കാര്യങ്ങളിലുള്ള) അമിതത്വം പതിയെ പതിയെ അല്ലാഹുവിൽനിന്ന് അകറ്റുന്നതാണ്. താൻ മുസ്‌ലിമാണെന്നും അഹ്മദിയാണെന്നും ഉള്ള അത്തരക്കാരുടെ വാദം നാവുകൊണ്ട് മാത്രമായിരുക്കും; കർമ്മങ്ങളിൽ ഉണ്ടാകുകയില്ല. ഒരാൾ യഥാർഥത്തിൽ ദീനിനെ ദുൻയാവിനുമേൽ മുന്തിക്കുകയാണെങ്കിൽ പിന്നെ അല്ലാഹു അവന്റെ ഉപജീവനത്തിനുള്ള പുതിയ പുതിയ മാർഗങ്ങൾ തുറക്കുന്നതാണ്. പക്ഷെ ഭൗതീകമായ അത്യാഗ്രഹങ്ങൾ വർധിച്ചുകൊണ്ടിരിക്കുകയാണെങ്കിൽ അതൊരിക്കലും അണയാത്ത തീയാകുന്നു. മനുഷ്യൻ അതിൽ ഭസ്മീകരിക്കപ്പെട്ട് പോകുന്നു.

അല്ലാഹുവിന്റെ മസ്ജിദുകളെ സജീവമാക്കുന്നവർ അല്ലാഹുവിലും ആഖിറത്തിലും വിശ്വസിക്കുന്നവർ മാത്രമാണ്. ഒന്നിനുശേഷം അടുത്ത നമസ്കാരത്തെ പ്രതീക്ഷിച്ചിരിക്കുന്നവർ ആണവർ. അത് തന്നെയാണ് മസ്ജിദുകളെ സജീവമാക്കുന്നതും (തങ്ങളുടെയും) തങ്ങളുടെ തലമുറകളുടെയും പരിഷ്കരണത്തിന് ഉതകുന്നതും (നമ്മുടെ തലമുറകളെ ദീനിൽനിന്ന് അകറ്റുന്ന) ഭൗതീക ലോകത്തിന്റെ വർണങ്ങളിൽനിന്ന് രക്ഷപ്പെടുത്തുന്നതും.

ഇതിന്റെ ഉദ്ഘാടനത്തോട്കൂടി ഇവിടെ തബ്ലീഗിന്റെ മാർഗങ്ങൾ കൂടുതൽ തുറക്കുന്നതാണ്. അതിൽ നിന്ന് പ്രയോജനമെടുത്ത്കൊണ്ട് ഇസ്‌ലാമിന്റെയും അഹ്മദിയ്യത്തിന്റെയും സന്ദേശം പരത്തേണ്ടതാകുന്നു. ഹദ്റത് മസീഹ് മൗഊദ്(അ) പറഞ്ഞതുപോലെ എവിടെയാണോ നമ്മുടെ മസ്ജിദ് ഉണ്ടാകുന്നത് അവിടെ ജമാഅത്തിന്റെ പുരോഗതിക്ക് അസ്ഥിവാരമിട്ടുകഴിഞ്ഞു. അതിനാൽ ഈ മസ്ജിദിനെ സജീവമാക്കാൻ പരിശ്രമിക്കുക. സജീവമാക്കേണ്ടത് ആളുകളുടെ ആധിക്യത്താൽ മാത്രമല്ല; മറിച്ച് ആത്മാർഥതയോടും കൂറോടുംകൂടി നമസ്കരിക്കുന്നവരിലൂടെയാണ്.

ഈ പള്ളി നിർമിച്ചവർക്ക് യഥാർഥ നിലയിൽ മസ്ജിദിനെ സജീവമാക്കാനും അതുവഴി തങ്ങളുടെ ഇഹപരജീവിതത്തെ സജ്ജീകരിക്കാനും അല്ലാഹു തൗഫീഖ് നൽകുമാറാകട്ടെ. (അല്ലാഹു നമ്മുടെ ദുആകളും ഇബാദത്തുകളും സ്വീകരിക്കുമാറാകട്ടെ.)

اَلْحَمْدُ لِلّٰهِ نَحْمَدُهُ وَ نَسْتَعِيْنُهُ وَ نَسْتَغْفِرُهُ وَنُؤْمِنُ بِهٖ وَنَتَوَكَّلُ
عَلَيْهِ وَنَعُوْذُ بِاللّٰهِ مِنْ شُرُوْرِ اَنْفُسِنَا وَ مِنْ سَيِّئَاتِ اَعْمَالِنَا مَنْ
يَّهْدِهِ اللّٰهُ فَلَا مُضِلَّ لَهٗ وَمَنْ يُّضْلِلْهُ فَلَا هَادِىَ لَهٗ - وَنَشْهَدُ اَنْ لَّا
اِلٰهَ اِلَّا اللّٰهُ وَنَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ- عِبَادَ اللّٰهِ رَحِمَكُمُ
اللّٰهُ اِنَّ اللّٰهَ يَاْمُرُ بِالْعَدْلِ وَ الْاِحْسَانِ وَ اِيْتَاءِ ذِى الْقُرْبٰى وَيَنْهٰى
عَنِ الْفَحْشَاءِ وَ الْمُنْكَرِ وَ الْبَغْىِ يَعِظُكُمْ لَعَلَّكُمْ تَذَكَّرُوْنَ
اُذْكُرُوا اللّٰهَ يَذْكُرْكُمْ وَ ادْعُوْهُ يَسْتَجِبْ لَكُمْ وَلَذِكْرُ اللّٰهِ اَكْبَرُ-

Friday Sermon Summary delivered by **Hadrat Khalifatul Masih Al-khamis** (atba)
at Baitul Ikram Mosque, U.S.A. – on 07.10.2022
Malayalam Translation: **Moulavi T. Jamshad Mukkam** For Malayalam Desk, Qadian.
D.T.P: P.M. Waseem ahmad Chelakkara
**Published By Nazarat Nashr-O-Isha'at, Sadr Anjuman Ahmadiyya - Qadian, 143516**